# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

PANOOR WEST UP SCHOOL

# അക്കാദമിക മാസ്റ്റർപ്ലാൻ - കാഴ്ചപ്പാട് - ലക്ഷ്യങ്ങൾ

പഠനത്തോടൊപ്പം തന്നെ പാഠ്യേതര മേഖലയിലും മികച്ച പ്രകടനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന വിദ്യാലയമാണ് പാനൂർ വെസ്റ്റ് യു.പി സ്കൂൾ. സബ് ജില്ല, ജില്ലാ ശാസ്ത്രമേളകളിലും കലാമേളകളിലും കഴിഞ്ഞ കുറെ വർഷങ്ങളായി ശ്രദ്ധേയമായ നേട്ടങ്ങളാണ് നമ്മൾ നേടിക്കൊണ്ടിരിക്കുന്നത്. ആദ്യകാലങ്ങളിൽ വേണ്ടത്ര ഭൗതിക സാഹചര്യം ഉണ്ടായിരുന്നില്ലെങ്കിലും തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകളും [LSS, USS, സംസ്കൃതം അലിഫ്, ഉറുദു] ഞങ്ങളുടെ വിദ്യാലയത്തെ Economic വിദ്യാലയമായി നിലനിർത്താൻ നമുക്കുകഴിഞ്ഞിട്ടുണ്ട്. പ്രീപ്രൈമറി ഉൾപ്പെടെ 11 ക്ലാസുകളും 13 അധ്യാപകരും ഒരു നോൺ ടീച്ചിങ് സ്റ്റാഫും ഉച്ചഭക്ഷണം പാകം ചെയ്യാനായി ഒരു വനിതാ സ്റ്റാഫും ഞങ്ങളുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ ഒഴുക്ക് വർദ്ധിച്ചതോടെ V-ാം തരം അധിക ഡിവിഷനായി പ്രവർത്തിക്കേണ്ടി വന്നു. കൂടാതെ HM നെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കേണ്ടി വന്നപ്പോൾ ഇപ്പോൾ 15 അധ്യാപകരും നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2023-24 വർഷം സ്കൂൾ കെട്ടിടം പുതുക്കിപ്പണിയാൻ തീരുമാനിച്ചു.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിൽ മുൻകാലങ്ങളി-ലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി വന്നുചേർന്നു.

സമഗ്രഗുണ മേന്മ പദ്ധതിയുടെ ഭാഗമായി 2025-26 അധ്യയന വർഷം ജൂൺ മാസം 2 ആഴ്ചകാലം നമ്മുടെ സ്കൂളിൽ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു. ലഹരിയും മയക്കുമരുന്നു വ്യാപകമാവുന്ന ഈ കാലഘട്ടത്തിൽ പുതുതലമുറയെ ബോധ-വത്കരിക്കുക, റോഡ് നിയമങ്ങൾ മനസിലാക്കുക, ശുചിത്വ കേരളം സ്വപ്നം സാക്ഷാൽക്കരിക്കുക, പഠനത്തോടൊപ്പം തന്നെ ആരോഗ്യ,കായിക ക്ഷമത കൈവരിക്കുക, പൊതുമുതൽ സംരക്ഷി-ക്കുക, പരസ്പര സ്നേഹവും സൗഹാർദ്ദവും പുലർത്തുന്ന സ്കൂൾ ക്യാമ്പസുകൾ സൃഷ്ടി-ക്കുക എന്നിവയുടെ ഭാഗമായി സ്കൂളിൽ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു.

2025 ജൂൺ 3ന് മയക്കുമരുന്നിന്റെയും ലഹരി ഉപയോഗത്തിനെതിരെയും മാഹി Excel Public സ്കൂൾ മലയാള വിഭാഗം അധ്യാപകൻ വിദ്യാർത്ഥികൾക്ക് വൈകു. 3മണിക്ക് ക്ലാസ് നൽകുകയുണ്ടായി.

2025 ജൂൺ 4ന് റോഡ് സുരക്ഷയുടെ കാര്യങ്ങൾ മനസിലാക്കാൻ വിദ്യാർത്ഥികളും അധ്യാപകരും പാനൂർ പോലീസ് സ്റ്റേഷൻ സന്ദർശിച്ചു.

2025 ജൂൺ 5ന് ഹരിത ക്യാമ്പസ് ഒരുക്കുന്നതിന്റെ ഭാഗമായി കുട്ടികളും

അധ്യാപകരും ചേർന്ന് സ്കൂൾ പരിസരം വൃത്തിയാക്കുകയും വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുകയും ചെയ്തു. കൂടാതെ പരിസ്ഥിതിദിനമായ ജൂൺ 5ന് പാനൂർ ഹൗസിംങ് സൊസൈറ്റി ഔഷധസസ്യങ്ങൾ സ്കൂളിന് കൈമാറി.

2025 ജൂൺ 9ന് ആരോഗ്യം, വ്യായാമം, കായികക്ഷമത എന്നി കാര്യങ്ങൾ കുട്ടികൾക്ക് മനസിലാക്കുന്നതിന്റെ ഭാഗമായി കുട്ടികൾ പാനൂർ താലൂക്ക് ആശുപത്രി സന്ദർശിക്കുകയും HI ക്ലാസ് നൽകുകയും ചെയ്തു.

ജൂൺ 11ന് പൊതുമുതൽ സംരക്ഷണത്തിന്റെ ഭാഗമായി പ്രത്യേക അസംബ്ലി ചേരുകയും സ്കൂൾ H M, Rajeevan Master എന്നിവർ സംസാരിക്കുകയും ചെയ്തു.

2025 ജൂൺ 12ന് പരസ്പര സഹകരണത്തിന്റെയും റാഗിംഗിന്റെ ദൂഷ്യവശങ്ങളെ കുറിച്ചും പാനൂർ പോലീസ് സബ് ഇൻസ്പെക്ടർ പ്രദീഷ്സർ കുട്ടികൾക്ക് ക്ലാസ് നൽകി.

ചുരുക്കത്തിൽ 2 ആഴ്ചകളിലായി നടന്ന വിവിധ പരിപാടികൾ കുട്ടികൾക്ക് ആവേശകരമായിരുന്നു.

വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും' എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയത്തെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സംവിധാനങ്ങളും

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൂട്ടായി പ്രവർത്തിക്കണം. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ശ്രമകരമായ ഒരു പദ്ധതിയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ.

ലക്ഷ്യങ്ങൾ :-

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* പാഠ്യ-പാഠ്യേതര മേഖലകളിൽ കുട്ടികളെ പ്രാപ്തരാക്കുക.
* ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയുടെ ഗുണഫലങ്ങൾ എല്ലാവിദ്യാർത്ഥികളിലും എത്തിക്കുക.
* കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവർക്കാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
* മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചുറ്റുമതിൽ | • പി. ടി. എ. ശക്തിപ്പെടുത്തൽ |
| • ഗണിത ശേഷി | • കളി സ്ഥലം | • SMC |
| • ഇംഗ്ലീഷ് പഠനം | • കമ്പ്യൂട്ടർ റൂം | • SSG |
| • വായനാപരിപോഷണം | • അടുക്കള | • പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |
| • ലൈബ്രറി ശാക്തീകരണം | • കുടിവെള്ള വിതരണം | • ക്ലാസ് പി ടി. എ |
| • കലാ-കായികമേള | • ജന്മദിനത്തിനൊരു പുസ്തകം | • വിദ്യാലയ മികവ് - പൊതുയിടം |
| • ടേം. മൂല്യനിർണ്ണയം | • ഭിന്നഷാത്സവം | • പ്രാദേശിക പി. ടി. എ |
| • പച്ചക്കറിത്തോട്ടം | • ചിൽഡ്രൻസ് പാർക്ക് | • ഭവന സന്ദർശനം |
| | | • വിദ്യാലയ വികസന സമിതി |

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| · എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | · ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.<br>· അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക | · ആഴ്ചയിൽ 2 ദിവസം | PTA |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| · തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ എഴുതുക ഇംഗ്ലീഷിൽ | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ | അധ്യാപകർ |

പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക. | സ്കിറ്റ്, Conversation | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | 3000 PTA |

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കുക | മധ്യവേനലവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് | 5 ദിവസം | PTA HM STAFF | 10,000 PTA |

പ്രവർത്തനം-5

പേര് : രചനശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സർഗ്ഗാത്മകരചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക<br>• വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്<br>കവിയരങ്ങ് | രണ്ട്മാസത്തിൽ ഒരുതവണ | വിദ്യാരംഗം ടീച്ചർ | 5000/ സ്പോൺസർഷിപ്പ് |

പ്രവർത്തനം 6

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുക. | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കുക | പ്രതിമാസ പരിപാടി | വിദ്യാരംഗം | |

പ്രവർത്തനം 8

പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷിയുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ | വർഷത്തിൽ രണ്ട്തവണ | HM Staff | 2000 Sponser |

പ്രവർത്തനം 9

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങൾ | ആവശ്യാനുസാരം | SRG | |

പ്രവർത്തനം - 10

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല : അക്കാദമികം/ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിതാധ്യാപിക | PTA |

പ്രവർത്തനം 11

പേര് : ശാസ്ത്രലാബ് നവീകരണം

മേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | ലാബ് ഉപകരണങ്ങൾ തിരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ് | PTA |

പ്രവർത്തനം 12

പേര് : പ്രതിഭാപോഷണപരിപാടി

മേഖല : അക്കാദമികം/ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന കുട്ടികൾക്ക് നൽകുന്ന പ്രത്യേക പരിശീലനക്ലാസ് | അവധി ദിനങ്ങൾ | സയൻസ് ടീച്ചർ | 5000 സ്പോൺസർ. |

പ്രവർത്തനം 13

പേര് : ശാസ്ത്രയാത്രകൾ

മേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ഫീൽഡ് ട്രിപ്പ് | പ്രതിവർഷം 3 ട്രിപ്പുകൾ | സയൻസ് ടീച്ചർ | 15000/- PTA |

പ്രവർത്തനം - 14

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

മേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | പതിപ്പ് തയ്യാറാക്കൽ (ഹിന്ദി) | മാസത്തിൽ ഒരുതവണ | ഹിന്ദിക്ലബ് | 5000/- PTA |

പ്രവർത്തനം 15

പേര് : കായിക പരിശീലനം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | സ്കൂൾ, ഉപജില്ലാ ജില്ലാതല വിജയികൾക്ക് ഉപഹാരം നൽകൽ | ഓരോ മത്സരത്തിനു ശേഷം | HM കായികാദ്ധ്യാപകൻ | 15000 |

പ്രവർത്തനം 16

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | പച്ചക്കറിത്തോട്ട നിർമ്മാണം | വർഷത്തിൽ ഒരുതവണ | SRG | 5000/ കൃഷിവകുപ്പ |

പ്രവർത്തനം 17

പേര് : ക്ലാസ് പി.ടി.എ സജ്ജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് PTA കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ | പ്രതിമാസം | ക്ലാസ് ടീച്ചർ | — |

പ്രവർത്തനം -18

പേര് : ജന്മദിനത്തിനൊരു പുസ്തകം, മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി നവീകരണം | ജന്മദിനത്തിന് ഓരോകുട്ടിയും പുസ്തകം കൈമാറൽ | ജന്മദിനം | ക്ലാസ്ടീച്ചർ | — |

പ്രവർത്തനം-19

പേര് : ചുറ്റുമതിൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുരക്ഷിതത്വം | ചുറ്റുമതിൽ നിർമ്മാണം | 1 വർഷം | PTA | 10 ലക്ഷം PTA |

പ്രവർത്തനം 20

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ വിനോദ ഉപാധി ഒരുക്കൽ | മുറ്റത്ത് കിഡ്സ് പാർക്ക് | ഒരുവർഷം | PTA | 4 ലക്ഷം പൂർവ്വ വിദ്യാർത്ഥി |

പ്രവർത്തനം 21

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹികപങ്കാളിത്തം | സംഗമം സംഘടിപ്പിക്കൽ സ്കൂളിന്റെ ആവശ്യം അവതരിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | SSG | 5000/- |

പ്രവർത്തനം- 22

പേര് : പ്രാദേശിക PTA

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം | രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് PTA മീറ്റിംഗ് | വർഷത്തിൽ ഒരുതവണ | | |

പ്രവർത്തനം 23

പേര് : മത്സരപരീക്ഷകൾക്ക് പരിശീലനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവിന്റെ ജനകീയ വൽക്കരണം | അവധി ദിവസങ്ങളിൽ മത്സര പരീക്ഷകൾക്ക് തയ്യാറാക്കുക | ആഴ്ചയിൽ ഒരുതവണ | SRG | 10,000 PTA |

പ്രതീക്ഷിത നേട്ടങ്ങൾ

* മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* സ്കൂൾ സമൂഹത്തിൽ ദകന്ന ആശയം സാക്ഷാത്കരിക്കുന്നു
* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു
* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുന്നു.

ഉപസംഹാരം

ചുരുക്കത്തിൽ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ അക്കാദമിക മാസ്റ്റർപ്ലാൻ ഒരു പരിധിവരെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.